(ബി) റബ്ബർ ബോർഡാണ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നത്. കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന ക്ലാസ്സുകളിലും ചർച്ചകളിലും പട്ട മരവിപ്പ് നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ശിപാർശ ചെയ്യാറുണ്ട്. കൃഷി വകുപ്പ് റബ്ബർ കൃഷിയെ സംബന്ധിച്ച് ഒരു റിസർച്ചും നടത്തുന്നില്ല.

(സി) കാർഷിക സർവ്വകലാശാലയോ കൃഷി വകുപ്പോ റബ്ബർ വിളകളിൽ യാതൊരു ഗവേഷണവും നടത്തുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) റബ്ബർ ബോർഡാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്.

കൈത്തറി വ്യവസായ മേഖലയിലെ പ്രതിസന്ധി

8 (*27) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി രംഗത്ത് വികസന മുരടിപ്പും തൊഴിലില്ലായ്മയും നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്ര സഹായ പദ്ധതിയുടെ ഗുണഫലം കേരളത്തിൽ ലഭ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ യഥാസമയം സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കൂടുതൽ കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ 4000 നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 14.64 കോടി രൂപയുടെ 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ 3000 നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 11.06 കോടി രൂപയുടെ 'കൃതിക' പദ്ധതിയും കേന്ദ്ര ഗ്രാമീണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വികസന എസ്.ജി.എസ്.വൈ. സ്പെഷ്യൽ പദ്ധതിയിൽ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയും, പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതേ പദ്ധതിയിൽ വരുന്ന 1000 നെയ്ത്തുകാർക്ക് വേണ്ടി മൂന്ന് കോടി രൂപ ചെലവു വരുന്ന കോഴിക്കോട് ക്രാഫ്റ്റ് ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതി കോഴിക്കോട് ജില്ലയിൽ ആരംഭിച്ച് കഴിഞ്ഞു. കൂടാതെ പാലക്കാട്, എറണാകുളം ജില്ലകളിൽ 5000 നെയ്ത്തുകാർക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12.86 കോടി രൂപയുടെ പദ്ധതി സർക്കാർ പരിശോധിച്ച് വരികയാണ്. കണ്ണൂരിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ് ലൂം ടെക്നോളജിയുടെ മോഡലിൽ ഒരു സ്ഥാപനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നെയ്ത്തുകാർക്ക് പുതിയ ഡിസൈനുകൾ തയ്യാറാക്കുന്നതിലേക്കായി ബാലരാമപുരത്ത് 70 ലക്ഷം രൂപ ചെലവിൽ പുതിയ ഡിസൈൻ സെന്റർ (റ്റി.പി.ഡി.സി.) ആരംഭിച്ചു കഴിഞ്ഞു.

(സി) ഉണ്ട്.

(ഡി) കൈത്തറി സഹകരണ സംഘങ്ങളെ തകർച്ചയിൽനിന്നും രക്ഷിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി

9 (*28) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തുണിത്തരങ്ങളും റെഡിമെയ്ഡ് വസ്ത്രങ്ങളും കയറ്റുമതി ചെയ്യുന്നതിന്റെ പുരോഗതിക്കായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(ബി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കൈത്തറി വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) കൂടുതൽ രാജ്യങ്ങളിലേക്ക് കൈത്തറി വസ്ത്രങ്ങൾ കയറ്റി അയയ്ക്കുന്നതിന് ആലോചനയുണ്ടോ ;

(ഡി) കൂടുതൽ വിദേശ രാജ്യങ്ങളിൽ കൈത്തറി വസ്ത്രങ്ങൾക്ക് വിപണി കണ്ടുപിടിക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) കൈത്തറി തുണിത്തരങ്ങളും റെഡിമെയ്ഡ് വസ്ത്രങ്ങളും കയറ്റുമതി ചെയ്യുന്നത് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ സംസ്ഥാന സർക്കാർ കണ്ണൂരിൽ 30 കോടി രൂപയുടെ ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സ്കീം (T.C.I.D.S.) കിൻഫ്ര വഴി നടപ്പിലാക്കി വരുന്നു. വിദേശ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly